# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 5143

06.02.2014 - ൽ

മറുപടിയ്ക്ക്

## വനിതാ പോലീസ് ശാക്തീകരണം എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സെമിനാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) 2014 ജനുവരി 17-ന് സംസ്ഥാനത്ത് നടന്ന വനിതാപോലീസ് ശാക്തീകരണം എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സെമിനാറിന് നേതൃത്വം നൽകിയ സംസ്ഥാന പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം; | (എ) ചെയർമാൻ: സംസ്ഥാന പോലീസ് മേധാവി<br>കോ-ചെയർമാൻ:<br>വിൻസൻ എം.പോൾ ഐ.പി.എസ് (എ.ഡി.ജി.പി, ക്രൈംസ്)<br>വൈസ് ചെയർപേഴ്സൻ:<br>ഡോ.ബി.സന്ധ്യ ഐ.പി.എസ് (എ.ഡി.ജി.പി, എ.പി.ബറ്റാലിയൻസ്)<br>സ്റ്റിയറിംഗ് കമ്മിറ്റി ചെയർമാൻ:<br>എ ഹേമചന്ദ്രൻ ഐ.പി.എസ് (എ.ഡി.ജി.പി, സൗത്ത് സോൺ)<br>വൈസ് ചെയർമാൻ:<br>ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് (ഐ.ജി.പി, എച്ച്.ക്യൂ)<br>ഓർഗനൈസിംഗ് സെക്രട്ടറി:<br>ശ്രീമതി. ആർ.നിശാന്തിനി ഐ.പി.എസ് (എ.ഐ.ജി, പി.എച്ച്.ക്യൂ)<br>ജോയിന്റ് ഓർഗനൈസിംഗ് സെക്രട്ടറി:<br>ശ്രീ. കെ.ബി. ബാലചന്ദ്രൻ ഐ.പി.എസ് (എസ്.പി, വുമൺ സെൽ)<br>എന്നിവരടങ്ങിയ ഓർഗനൈസിംഗ് കമ്മിറ്റിയാണ് സെമിനാറിന്റെ ചുമതല വഹിച്ചത്. |
| (ബി) വിവിധ സംസ്ഥാനങ്ങളിൽനിന്നുമായി എത്രപേർ സെമിനാറിൽ പങ്കെടുത്തു; | (ബി) 16 സംസ്ഥാനങ്ങളിൽ നിന്നായി 165 വനിതാ പോലീസ് ഉദ്യോഗസ്ഥർ സെമിനാറിൽ പങ്കെടുത്തു |
| (സി) ഉദ്ഘാടനത്തിനും അതിനോടനുബന്ധിച്ച പ്രവർത്തനങ്ങൾക്കുമായി ആഭ്യന്തര വകുപ്പിന് ചെലവായ തുക എത്ര; | (സി) 10 ലക്ഷം രൂപ സെമിനാർ നടത്തിപ്പിന് നീക്കിവച്ചിരുന്നു. |

| | | |
|---|---|---|
| (ഡി) സംസ്ഥാനത്തിലെ ഉന്നതപോലീസ് ഉദ്യോഗസ്ഥർ വനിതകളോട് കടുത്ത അവഗണന തുടരുന്നതായി സംവാദത്തിൽ വനിതാ പോലീസുകാർ തുറന്നടിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ഡി) | സേനയിൽ വനിതകളുടെ എണ്ണം കൂട്ടുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ഉയർന്നതായി ശ്രദ്ധയിൽപ്പട്ടിട്ടുണ്ട്. |
| (ഇ) എങ്കിൽ സംസ്ഥാന വനിതാ പോലീസുകാരുടെ പരാതി സംബന്ധിച്ച് എന്തൊക്കെ നടപടികൾ കൈക്കൊണ്ടു; വ്യക്തമാക്കാമോ; | (ഇ) | സേനയിൽ വനിതകളുടെ എണ്ണം കൂട്ടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (എഫ്) പ്രസ്തുത സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തിയതാരാണ്; | (എഫ്) | ശ്രീമതി. കിരൺ ബേദി |
| (ജി) മുൻ ഐ.പി.എസ് ഉദ്യോഗസ്ഥ ശ്രീമതി. കിരൺബേദി സ്വന്തം ചെലവിലാണോ പ്രസ്തുത സെമിനാറിൽ മുഖ്യ പ്രഭാഷണം ഉൾപ്പെടെ ക്ലാസ്സെടുക്കാൻ വന്നത് ; അല്ലെങ്കിൽ വിമാനയാത്ര ഉൾപ്പെടെ ഇവർക്കായി ആഭ്യന്തരവകുപ്പ് എന്തുതുക ചിലവഴിച്ചു; വ്യക്തമാക്കാമോ; | (ജി) | ശ്രീമതി. കിരൺ ബേദിക്കായി 22,144/- രൂപ ചെലവായിട്ടുണ്ട്. |
| (എച്ച്) സെമിനാറുമായി ബന്ധപ്പെട്ടും മാധ്യമപ്രവർത്തകരുടെ യോഗങ്ങളിലും ശക്തമായ കേന്ദ്രഭരണത്തിന് ബി.ജെ.പി.-ക്ക് വോട്ട് ചെയ്യണമെന്ന് ശക്തിയായി വാദിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടുവോ; വിശദമാക്കുമോ; | (എച്ച്) | സെമിനാറിൽ നടത്തിയ പ്രസംഗത്തിൽ ഇത്തരമൊരു പരാമർശം ഉണ്ടായിരുന്നില്ല. |
| (ഐ) ആഭ്യന്തരവകുപ്പിന്റെയും പ്രത്യേകിച്ച് സംസ്ഥാന സർക്കാരിന്റെയും അറിവോടുകൂടിയാണോ ഇവരെ സംസ്ഥാനത്ത് സർക്കാർ ചെലവിൽ സെമിനാറിന് മുഖ്യപ്രഭാഷണം നടത്താൻ കൊണ്ടു വന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ഐ) | പോലീസ് വകുപ്പിന്റെ ക്ഷണിതാവായാണ് ഇന്ത്യയിലെ ആദ്യ വനിതാ ഐ.പി.എസ് ഓഫീസറായ ശ്രീമതി. കിരൺ ബേദിയെ സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്താൻ ക്ഷണിച്ചത്. |

സെക്ഷൻ ഓഫീസർ